⇨ കോലഞ്ചേരി സ്വദേശിയായ ജോസ് ജോൺ ആണ് ക്വാറിയുടെ ഉടമസ്ഥൻ ⇨

പശ്ചിമഘട്ടം പ്രത്യേകലക്കത്തിന്റെ തുടർച്ചയായി കേരളീയം പശ്ചിമഘട്ട മലനിരകളിലെ വിവിധ പ്രശ്നമേഖലകളിലൂടെ കടന്നുപോവുകയും അവിടെ ഉയർന്നുവരുന്ന ജനകീയ ചെറുത്തുനിൽപ്പുകളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. പശ്ചിമഘട്ട മേഖലയ്ക്ക് വലിയ ഭീഷണിയായി ഇന്ന് കേരളത്തിലാകമാനം നിലനിൽക്കുന്ന ഒരു പ്രധാന പ്രശ്നം ക്വാറികളാണ്. പാരിസ്ഥിതിക സന്തുലനത്തെ തകിടം മറിച്ച്, ജനജീവിതത്തെ ദുസ്സഹമാക്കുന്ന പാറഖനികളുടെ വിസ്ഫോടനങ്ങൾക്ക് നേരെ സമരകാഹളങ്ങളും മുഴങ്ങിത്തുടങ്ങിയിരിക്കുന്നു.
പംക്തി തുടരുന്നു...

**തൃശൂർ** ജില്ലയിലെ പീച്ചി വനമേഖലയോട് ചേർന്നു കിടക്കുന്ന മാടക്കത്തറ പഞ്ചായത്തിലെ പാണ്ടിപ്പറമ്പ് ക്വാറിക്കെതിരെ നടക്കുന്ന ജനകീയ പ്രതിഷേധങ്ങൾക്ക് പതിറ്റാണ്ടുകളുടെ ചരിത്രമുണ്ട്. നാട്ടുകാരുടെ എതിർപ്പിനെ അവഗണിച്ചും ഭരണസ്ഥാപനങ്ങളെ നിശബ്ദരാക്കിയും ക്വാറിയുടെ പ്രവർത്തനം ഇവിടെ ഇന്നും തുടരുകയാണ്. നാടിന് താങ്ങാനാകാത്ത തരത്തിൽ ക്വാറി വിപുലമായതോടെയും സ്ഫോടനങ്ങളും ക്രഷർ യൂണിറ്റിലേക്കെത്തുന്ന ലോറികളും ജീവന് ഭീഷണിയായതോടെയും അടുത്തിടെ നാട്ടുകാരുടെ പ്രതിഷേധങ്ങൾ ശക്തമായ ജനകീയ സമരത്തിന്റെ രൂപത്തിലേക്ക് എത്തിച്ചേർന്നിരിക്കുകയാണ്. അനധികൃത ക്വാറിക്കും അതിന് കൂട്ട് നിൽക്കുന്ന രാഷ്ട്രീയ-ഭരണസംവിധാനങ്ങൾക്കുമെതിരെ പാണ്ടിപ്പറമ്പിലെ ജനങ്ങൾ ഇന്ന് സമരഭൂമിയിലാണ്. ക്വാറി ഉടമ വളരെ ശക്തനും നിയമങ്ങളെയും നിയമം നടപ്പിലാക്കുന്നവരെയും വിലയ്ക്കെടുക്കാൻ കഴിയുന്ന തരത്തിൽ പ്രബലനുമാണെന്നതാണ് കേരളത്തിലെമ്പാടും നടക്കുന്ന ക്വാറി വിരുദ്ധ സമരങ്ങളെയും പോലെ പാണ്ടിപ്പറമ്പ് സമരവും നേരിടുന്ന പ്രധാന വെല്ലുവിളി.

# പാണ്ടിപ്പറമ്പിലെ നിലയ്ക്കാത്ത സ്ഫോടനങ്ങൾ

തൃശൂർ ജില്ലയുടെ കിഴക്കൻ മലയോര ഗ്രാമമായ പാണ്ടിപറമ്പിൽ പ്രവർത്തിക്കുന്ന ക്വാറിയും ക്രഷർ യൂണിറ്റും നാട്ടുകാർക്ക് ദുരിതങ്ങൾ സൃഷ്ടിച്ചുതുടങ്ങിയിട്ട് നാളുകളേറെയായി. ഭരണാധികാരികളെല്ലാം സ്വകാര്യ ക്വാറിയെ സംരക്ഷിക്കുന്ന നിലപാട് തുടരുന്നതിനാൽ തീക്ഷ്ണമായ സമരങ്ങളാണ് ഇനി മുന്നിലുള്ള മാർഗ്ഗമെന്ന് നാട്ടുകാർ ഉറപ്പിച്ചിരിക്കുന്നു.

**കേരളീയം വാർത്താശൃംഖല**

വിശാലമായ താഴ്‌വരകളും, ഉയർന്ന കുന്നിൻപ്രദേശങ്ങളും ഇവയെ ബന്ധിപ്പിക്കുന്ന ഇടത്തരം ഉയരമുള്ള പ്രദേശങ്ങളും സമതലങ്ങളും ചേർന്നതാണ് മാടക്കത്തറ പഞ്ചായത്ത്. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലെ വനപ്രദേശത്തിനോട് ചേർന്നാണ് തൃശൂർ സാൻഡ് ആന്റ് ഗ്രാവൽസ് എന്ന പേരിൽ ക്വാറി പ്രവർത്തനമാരംഭിച്ചത്. തൊണ്ണൂറുകളുടെ മധ്യത്തിൽ തന്നെ പ്രവർത്തനം തുടങ്ങിയ ക്വാറി ഇപ്പോൾ തൃശൂർ ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ മൈൻ എന്ന പേരിലാണ് പ്രവർത്തിക്കുന്നത്. കോലഞ്ചേരി സ്വദേശിയായ ജോസ് ജോൺ ആണ് ക്വാറിയുടെ ഉടമസ്ഥൻ. കൃഷി ചെയ്യുന്നതിനായി സ്വകാര്യവ്യക്തികൾക്ക് പാട്ടത്തിന് നൽകിയ ഭൂമി കൈവശത്താക്കിയാണ് ക്വാറി പ്രവർത്തനമാരംഭിക്കുന്നത്. പണ്ട് വനപ്രദേശമായിരുന്ന ഈ സ്ഥലം നിരവധി പേർ കുടിയേറിയെത്തി കൃഷിയാരംഭിച്ചതോടെ ഒരു ജനവാസ മേഖലയായി മാറി. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് തന്നെയാണ് ഇപ്പോൾ ക്വാറി ഉഗ്രസ്ഫോടനങ്ങളോടെ ശബ്ദ-വായു മലിനീകരണത്തോടെയും പ്ര

*⇨ തുടരെ തുടരെ നടക്കുന്ന സ്ഫോടനങ്ങളാണ് നാട്ടുകാർക്ക് ഭീഷണിയുയർത്തുന്ന പ്രധാന പ്രശ്നം ⇨*



ക്വാറിയിലെ സ്ഫോടനത്തിന്റെ ആഘാതത്തിൽ ഇളകി അടർന്ന ചുവരിന് മുന്നിൽ

വർത്തിക്കുന്നത്. എല്ലാ ക്വാറികളെയും പോലെ, ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകില്ല എന്ന് അനുമതിക്കായുള്ള അപേക്ഷയിൽ പറഞ്ഞുകൊണ്ടാണ് തൃശൂർ സാൻഡ് ആന്റ് ഗ്രാവൽസും പാണ്ടിപ്പറമ്പിൽ പ്രവർത്തനം തുടങ്ങുന്നത്. എന്നാൽ പിന്നീട് എല്ലാ ക്വാറികളെയും പോലെ, പാറയുടെ വർദ്ധിച്ചുവരുന്ന ആവശ്യത്തെയും അതുവഴിയുണ്ടാകുന്ന സാമ്പത്തിക ലാഭത്തെയും മുന്നിൽ കണ്ട് അനുമതിക്കാരുകളെയെല്ലാം ഇവരും കാറ്റിൽപ്പറത്തി. തുടക്കത്തിൽ 20 ലോഡ് ലോറിയാണ് ക്വാറിയിൽ നിന്നും പോയിരുന്നതെങ്കിൽ ഇപ്പോൾ 400ൽ ഏറെ ലോഡ് ലോറി ഒരു ദിവസം പോകുന്നതായി നാട്ടുകാർ പറയുന്നു. നാല് ചക്രങ്ങളുള്ള ലോറികൾ പോയിരുന്ന വഴിയിൽ ഇപ്പോൾ ഇരുപത് ചക്രങ്ങളുള്ള ലോറികൾ വരെ ലോഡെടുക്കാൻ പോകുന്ന ഭയപ്പെടുത്തുന്ന കാഴ്ചയാണ് ഇന്ന് നാട്ടുകാർ കാണുന്നത്. രാവിലെ അഞ്ച് മണിയോടെ വലിയ ശബ്ദത്തോടെ ക്രഷിംഗ് യൂണിറ്റ് പ്രവർത്തനം തുടങ്ങുകയും ലോറികൾ പോയിത്തുടങ്ങുകയും ചെയ്യും. ഏഴ് മണി കഴിയുന്നതോടെ ഒരു മണിക്കൂറിനുള്ളിൽ പാണ്ടിപ്പറമ്പിലെ ചെറിയ പഞ്ചായത്ത് റോഡിലൂടെ 60 ലോറികൾ കടന്നുപോകുന്നുണ്ടെന്നാണ് നാട്ടുകാർ തിട്ടപ്പെടുത്തിയിരുന്ന കണക്ക്.

ക്വാറിയിൽ തുടരെ തുടരെ നടക്കുന്ന സ്ഫോടനങ്ങളാണ് നാട്ടുകാർക്ക് ഭീഷണിയുയർത്തുന്ന പ്രധാന പ്രശ്നം. അനുവദനീയ അളവിനേക്കാൾ വലിയ സ്ഫോടനങ്ങൾ കാരണം വിള്ളൽ വീഴാത്ത കെട്ടിടങ്ങളൊന്നും ആ പ്രദേശത്ത് ഇന്ന് അവശേഷിക്കുന്നില്ല. പല വീടുകൾക്കും സാരമായ കേടുപാടുകൾ പറ്റിയിട്ടുണ്ട്. നിർധനരായ നാട്ടുകാർ പലരും വായ്പ്പെടുത്ത് നിർമ്മിച്ച വീടുകളാണ് ഇത്തരത്തിൽ സ്ഫോടനത്തിന്റെ ആഘാതത്തിൽ നശിച്ചവയിൽ ഏറെയും. പൊട്ടിപ്പൊളിഞ്ഞ വീടുകൾക്കാണ് ഇപ്പോൾ മിക്കവരും വായ്പ്പയടയ്ക്കുന്നത്. രാത്രികാലങ്ങളിൽ സ്ഫോടനത്തിന്റെ ശബ്ദം കേട്ട് കുട്ടികൾ ഞെട്ടിയുണരുന്നത് ഇവിടെ പതിവാണ്. അടുക്കളപ്പാത്രങ്ങൾ സ്ഫോടനത്തിന്റെ കമ്പനത്തിൽ ഇളക്കം തട്ടി താഴെവീഴുന്നത് പതിവാണ്. സ്ഫോടനം കാരണം പ്രദേശത്തെ പല കിണറുകളിലെ വെള്ളം താഴേക്കിറങ്ങി. കുഴൽ കിണറുകളിൽ പോലും വെള്ളം കിട്ടാത്ത അവസ്ഥയുണ്ടെന്ന് നാട്ടുകാർ സാക്ഷ്യപ്പെടുത്തുന്നു. ഖനിയുടെ ആഴം കൂടുന്നതിനനുസരിച്ച് കിണറുകളിലെ ജലനിരപ്പും താഴ്ന്നുകൊണ്ടിരിക്കുകയാണ്. നാളുകളായി കുടിവെള്ളം ക്ഷാമമുള്ള പ്രദേശമാണ് പാണ്ടിപ്പറമ്പ്. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ജല അതോറിറ്റി ചിക്കിലിക്കടവ് പ്രദേശത്ത് സ്ഥാപിച്ച ജല സംഭരണിക്കും സ്ഫോടനത്തിന്റെ ആഘാതത്തിൽ വിള്ളലേറ്റിട്ടുണ്ട്. ജലസംഭരണി ഇപ്പോൾ പ്രവർത്തിക്കുന്നില്ല. നാട്ടിലേക്ക് വെള്ളമെത്തിച്ചിരുന്ന കച്ചിത്തോട് ഡാമിലെ വെള്ളത്തിന്റെ അളവിലും ക്വാറിയുടെ പ്രവർത്തനം കാരണം കാര്യമായ കുറവുണ്ടായിട്ടുണ്ട്. 2011 ഏപ്രിലിലുണ്ടായ താണിക്കുടം ഭൂകമ്പത്തിന്റെ പ്രഭവ സ്ഥാനമായി കണ്ടെത്തിയത് പാണ്ടിപ്പറമ്പ് ക്വാറി പ്രവർത്തിക്കുന്ന മലയുടെ മറ്റൊരു വശമാണ്. വലിയ ശബ്ദവും കുലുക്കവുമുണ്ടായ ഭൂകമ്പമായിരുന്നു താണിക്കുടം ഭൂകമ്പം. ഭൂകമ്പത്തിന്റെ പ്രഭവസ്ഥാനം പാണ്ടിപ്പറമ്പ് മലയാണ് എന്ന് ഭൗമശാസ്ത്ര പഠന കേന്ദ്രം റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് നാട്ടുകാർ ക്വാറിക്കെതിരെ ശക്തമായ പ്രതിഷേധങ്ങളുമായി അന്ന് രംഗത്തെത്തി. തുടർന്ന് കുറച്ചുകാലത്തേക്ക് അവർ ഖനനം താത്കാലികമായി നിർത്തുകയും ചെയ്തിരുന്നു. എന്നാൽ പ്രതിഷേധങ്ങൾ ശമിച്ചതോടെ സ്ഫോടനങ്ങളുടെ കാതടപ്പിക്കുന്ന ഒച്ച പാണ്ടിപ്പറമ്പിനെ വീണ്ടും ഇളക്കിമറിച്ചു.

മാടക്കത്തറയുടെ ആകാശത്ത് നിറയുന്ന സിലിക്കൺ അടങ്ങിയ പൊടിയാണ് നാട്ടുകാരെ സാരമായി ബാധിക്കുന്ന മറ്റൊരു

പ്രശ്നം. പാറപൊട്ടിക്കുമ്പോഴും മെറ്റൽ ക്രഷർ പ്രവർത്തിപ്പിക്കുമ്പോഴും ലോറികൾ ലോഡുമായി പോകുമ്പോഴുമുണ്ടാകുന്ന പൊടി സമീപപ്രദേശങ്ങളിലെല്ലാം പരന്നിരിക്കുകയാണ്. പൊടി കാരണം ശ്വാസം മുട്ടലുള്ളവരുടെ എണ്ണം ഇവിടെ വളരെ കൂടുതലാണ്. കുട്ടികളെയാണ് പൊടിയുടെ പ്രശ്നം കൂടുതലായി ബാധിച്ചിരിക്കുന്നത്. അവർക്ക് പല തരത്തിലുള്ള അലർജിയും പൊടി മൂലമുണ്ടായിട്ടുണ്ട്. ആസ്ത്മയുൾപ്പെടുയുള്ള രോഗങ്ങളുള്ളവർ ഉണ്ടായിട്ടും പാറപ്പൊടി സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനും ചികിത്സ നൽകാനും അധികൃതർ ഇതുവരെയും തയ്യാറായിട്ടില്ല. നാട്ടുകാരുടെ മുൻകൈയിൽ നടന്ന ആരോഗ്യ സർവ്വെയിൽ കുട്ടികളിലും മുതിർന്നവരിലും ആസ്ത്മയും അലർജിയും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 680 എച്ച്.പി മോട്ടോർ ഉപയോഗിച്ചാണ് ഇപ്പോൾ ക്വാറിയിൽ പാറപൊട്ടിക്കുന്നത്. 1200 എച്ച്.പി മോട്ടോർ ഉപയോഗിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ നാട്ടുകാർ പറയുന്നു. 1200 എച്ച്.പി മോട്ടോർ കൂടി എത്തുന്നതോടെ പൊടിയുടെ അളവ് വീണ്ടും കൂടും, രോഗങ്ങളും. ക്രഷറുകൾ വാട്ടർ സ്പ്രെയറുകളും സ്പ്രിംഗ്ലറുകളും ഉപയോഗിച്ച് പൊടിപൊങ്ങാതെ സൂക്ഷിക്കേണ്ടതാണെന്നും ക്വാറിയിലേക്ക് വാഹനങ്ങൾ കടന്നുപോകുന്ന റോഡുകളെല്ലാം ടാർ ചെയ്ത് പൊടിപൊങ്ങാതെ നോക്കേണ്ടതാണെന്നുമുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് മലിനീകരണ നിയന്ത്രണ ബോർഡ് ക്വാറിക്ക് അനുമതി നൽകുന്നത്. എന്നാൽ ഈ നിബന്ധനകൾ പാണ്ടിപ്പറമ്പിൽ പൂർണ്ണമായും ലംഘിക്കപ്പെടുകയാണ്. ഇക്കാര്യം ചൂണ്ടിക്കാട്ടി പരാതിപ്പെട്ടിട്ടും മലിനീകരണ നിയന്ത്രണ ബോർഡിന് അനക്കമില്ലെന്നതാണ് പൊടിശല്യത്തിനൊപ്പം ഇന്ന് നാട്ടുകാരെ കുഴയ്ക്കുന്ന മറ്റൊരു പ്രശ്നം.



പാറപൊട്ടിക്കുമ്പോഴും ക്രഷർ പ്രവർത്തിപ്പിക്കുമ്പോഴും ലോറികൾ ലോഡുമായി പോകുമ്പോഴുമുണ്ടാകുന്ന പൊടി സമീപപ്രദേശങ്ങളിലെല്ലാം പരന്നിരിക്കുകയാണ്. പൊടി കാരണം ശ്വാസം മുട്ടലുള്ളവരുടെ എണ്ണം ഇവിടെ വളരെ കൂടുതലാണ്. കുട്ടികളെയാണ് പൊടിയുടെ പ്രശ്നം കൂടുതലായി ബാധിച്ചിരിക്കുന്നത്

ക്വാറി സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളാണ് മാടക്കത്തറ പഞ്ചായത്തിലെ ഏറെ ആശങ്കപ്പെടുത്തുന്നത്. പീച്ചി വനമേഖലയോട് ചേർന്നുകിടക്കുന്ന ജൈവ സമ്പന്നമായ മലനിരകളുടെ വലിയൊരു ഭാഗം ഇപ്പോൾത്തന്നെ പാറപൊട്ടിച്ച് നിരപ്പാക്കിക്കഴിഞ്ഞു. പലയിടത്തും പാറപൊട്ടിക്കുന്നതിനുള്ള സൗകര്യത്തിനായി നാല് നിലകെട്ടിടത്തിന്റെ അത്രയും ഉയരത്തിൽ മണ്ണിടിച്ച് നിരത്തിയിട്ടുമുണ്ട്. ഒരു മല പൂർണ്ണമായും നിരന്നുകഴിഞ്ഞു. നിരന്ന സ്ഥലത്ത് കൂടുതൽ താഴ്ചയിൽ ഖനനം നടത്താൻ പാടില്ല എന്ന് നിബന്ധനയുണ്ടെങ്കിലും 30 മീറ്ററോളം താഴ്ചയിൽ നിന്നും ഇവിടെ പാറ പൊട്ടിച്ചെടുക്കുന്നുണ്ട്. എം സാൻഡ് (മാനുഫാക്ചേർഡ് സാൻഡ്) നിർമ്മിക്കുന്നതിനായി വലിയ അളവിൽ വെള്ളം വേണ്ടിവരുന്നതിനാൽ ജലമൂറ്റലും വളരെ വ്യാപകമായി ഈ പ്രദേശത്ത് നടക്കുന്നുണ്ട്. ക്വാറിക്ക് സമീപത്തുള്ള കച്ചിത്തോട് ചെക്ക് ഡാമിൽ നിന്നും എം സാൻഡിന്റെ നിർമ്മാണത്തിനായി വെള്ളമൂറ്റുന്നതായും നാട്ടുകാർ പരാതിപ്പെടുന്നു. ലക്ഷക്കണിക്കിന് ലിറ്റർ വെള്ളം ക്രഷർ യൂണിറ്റിന് ആവശ്യമാണെങ്കിലും നിലവിൽ ജലസ്രോതസ്സുകളൊന്നും അവിടെയില്ല. അത് പരിഹരിക്കുന്നതിനായി കച്ചിത്തോട് ഡാമിനിൽ നിന്നുള്ള നീരുറവയോട് ചേർന്ന് വലിയ കുളം കുഴിച്ച് (ഡാമിൽ നിന്നും 271 മീറ്റർ അകലെ) ജലം ചോർത്തിയെടുക്കുന്നു. അരകിലോമീറ്റർ അകലെ പാണ്ടിപ്പറമ്പിൽ നിന്നും പൊതുമരാമത്ത് വഴിയിലൂടെ വെള്ളം പമ്പ് ചെയ്തും ക്രഷറിലേക്ക് എത്തി

*⇨ കുറേക്കാലങ്ങളായി വേനലെത്തുന്നതിന് മുമ്പ് തന്നെ പാണ്ടിപ്പറമ്പിൽ വെള്ളം കിട്ടാനില്ലാത്ത അവസ്ഥയാണുള്ളത് ⇨*



സ്ഫോടനത്തിൽ വിള്ളൽ വീണ് ഉപയോഗ്യശൂന്യമായ ജലസംഭരണി

ക്കുന്നുണ്ട്. നാട്ടുകാർക്ക് ഉപയോഗിക്കേണ്ട കുടിവെള്ളമാണ് ഇത്തരത്തിൽ വൻതോതിൽ ക്രഷർ യൂണിറ്റിലേക്ക് ചോർത്തിയെടുക്കപ്പെടുന്നത്. മാടക്കത്തറ പഞ്ചായത്തിലെ ജലനിധി പദ്ധതിയുടെ ഭാഗമായി 300 കുടുംബങ്ങൾ ആശ്രയിക്കുന്നത് കച്ചിത്തോട് ജലസംഭരണിയിലെ വെള്ളമാണ്. 2008ൽ പ്രവർത്തനം തുടങ്ങിയ ഈ പദ്ധതി ക്വാറി കാരണം ഏതാനം വർഷങ്ങൾക്കുള്ളിൽ തന്നെ താറുമാറായി. കുറേക്കാലങ്ങളായി വേനലെത്തുന്നതിന് മുമ്പ് തന്നെ പാണ്ടിപ്പറമ്പിൽ വെള്ളം കിട്ടാനില്ലാത്ത അവസ്ഥയാണുള്ളത്. ക്രഷർ ഉടമ ടാങ്കറിൽ വെള്ളം വിതരണം ചെയ്യുന്നുണ്ടെങ്കിലും അതൊന്നും തങ്ങളുടെ കുടിവെള്ളമൂറ്റിയെടുക്കുന്നതിന് പരിഹാരമല്ലെന്നാണ് നാട്ടുകാരുടെ നിലപാട്. വനത്തിന്റെ തുടർച്ചയായ ജൈവവൈവിധ്യം നിലനിന്നിരുന്ന പച്ച മലനിരകൾ ഇപ്പോൾ മരുഭൂമിയെ ഓർമ്മിപ്പിക്കും വിധം വരണ്ടുണങ്ങിക്കിടക്കുകയാണ്. എവിടെയും പച്ചപ്പോ കല്ലോ ശേഷിക്കുന്നില്ല, ഉള്ളത് ചെറിയ കാറ്റിൽപ്പോലും പറന്നുയരുന്ന പാറപ്പൊടി മാത്രം. എം സാൻഡ് കഴുകി ശുദ്ധീകരിക്കുമ്പോഴുള്ള അവശിഷ്മായ പാറത്തരികൾ സമീപ പ്രദേശത്ത് തന്നെ ഒഴുക്കി വിടുകയും അത് ജലസ്രോതസ്സുകളിലേക്ക് എത്തിച്ചേർന്ന് അവയെ മലിനപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മലകളിൽ നിന്നുള്ള പല സ്വാഭാവിക നീരുറവകളും പാറപ്പൊടി വീണ് അടഞ്ഞുപോവുകയും താഴ്‌വരകളിലേക്കുള്ള അവയുടെ ഒഴുക്ക് നിലയ്ക്കുകയും ചെയ്തിട്ടുണ്ട്. നീരുറവകളെ സംരക്ഷിച്ച് നിർത്തിയിരുന്ന പാറകളെല്ലാം ഇടിച്ചുനിരത്തപ്പെട്ടതിന്റെ പാരിസ്ഥിതിക ദുരന്തം തങ്ങളുടെ കിണറുകൾ വറ്റിത്തുടങ്ങിയപ്പോഴാണ് പലർക്കും കൂടുതൽ ബോധ്യമായത്. കുടിക്കാൻ വെള്ളമില്ലാത്ത അവസ്ഥ വന്നതോടെ ക്വാറിക്ക് ചുറ്റും താമസിക്കുന്നവർക്കെല്ലാം സമരത്തിൽ അണിനിരക്കേണ്ടതായിവന്നു. ക്വാറി സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയ കേരള വനഗവേഷണ പഠനകേന്ദ്രത്തിലെ ശാസ്ത്രജ്ഞന്മാർ, ജനങ്ങളുടെയും ആവാസവ്യവസ്ഥയുടെയും നിലനിൽപ്പിനായി ക്വാറിക്ക് ഉടൻ സ്റ്റോപ് മെമ്മോ നൽകണമെന്നും പാരിസ്ഥിതിക ആഘാതങ്ങൾ കുറയ്ക്കുന്നതിനായി ജൈവപുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തണമെന്നും നിർദ്ദേശിച്ചിരുന്നു.

നാട്ടുകാർ വർഷങ്ങളായി ഉപയോഗിക്കുന്നതും വില്ലേജ് രേഖകളിൽ പറയുന്നതുമായ രണ്ട് പഞ്ചായത്ത് റോഡുകൾ ക്വാറിയുടെ ഭാഗമാക്കി വളച്ചുകെട്ടുകയും അതിലുള്ള പാറപൊട്ടിച്ചെടുക്കുകയും ചെയ്തത് വ്യാപകമായ പ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ട്. എട്ട് മീറ്റർ വീതിയും ഒരു കിലോമീറ്റർ നീളവുമുള്ള പീലിമൂല - മാളികക്കുണ്ട് റോഡും, എട്ട് മീറ്റർ വീതിയും രണ്ട് കിലോ മീറ്റർ വീതിയുമുള്ള കച്ചിത്തോട് - കമ്പിക്കുന്ന് റോഡുമാണ് ക്വാറിയുടെ ഭാഗമാക്കി നശിപ്പിക്കപ്പെട്ടത്. പുറമ്പോക്ക് ഭൂമിയും പട്ടയഭൂമിയും വനം ഭൂമിയും കയ്യേറിയാണ് ഇപ്പോൾ ക്വാറി പ്രവർത്തിക്കുന്നത്. ക്വാറിയുടെ 90 ശതമാനം പ്രദേശവും കൃഷിക്ക് വേണ്ടി ഉപയോഗിക്കുന്നതിനും കൈമാറ്റം



കോതര ചെക്ക്ഡാം മണ്ണിട്ട് നികത്തി ക്വാറി ഉടമ റബ്ബർ വച്ചുപിടിപ്പിച്ചു. ചെക്ക് ഡാമിനായി കെട്ടിയ കല്ലുകളാണ് ചിത്രത്തിൽ കാണുന്നത്

➯ *ബലപ്രയോഗത്താലുള്ള കുടിയൊഴിപ്പിക്കലായി തന്നെ പരിഗണിക്കേണ്ടപ്പെടേണ്ടതാണ് ഇത്* ➯

ചെയ്യാൻ പാടില്ലാത്തതുമായ ലാന്റ് അസെസ്സ്മെന്റ് പട്ടയങ്ങളും (എൽ.എ.പി) പട്ടയമില്ലാത്ത ഭൂമിയുമാണ്. അത്തരത്തിൽ രേഖപ്പെടുത്തിയിരുന്ന ഭൂമി പാറഖനനത്തിനായി ഉപയോഗിക്കുന്നത് എൽ.എ.പി കരാറിന്റെ നഗ്നമായ ലംഘനമാണ്. നാട്ടുകാർ ഈ നിയമലംഘനം വസ്തുതകളുടെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാണിച്ചിട്ടും ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികളൊന്നും റവന്യൂ അധികൃതർ കൈക്കൊണ്ടിട്ടില്ല. എൽ.എ.പി കരാർ പ്രകാരമുള്ള ഭൂമിയിൽ നിന്നും മരങ്ങൾ മുറിച്ചുകടത്തുന്നതും നിയമലംഘനമാണെന്നിരിക്കെ അതും ക്വാറി ഉടമ ധാരാളമായി ചെയ്തിട്ടുണ്ട്.

100 ടൺ മാത്രം ഉത്പാദന ലൈസൻസ് ഉള്ള ക്വാറിയിൽ 130 എച്ച്.പി ക്രഷർ യൂണിറ്റ് മതിയെന്നിരിക്കെ, 680 എച്ച്.പി ക്രഷർ യൂണിറ്റ് ഉപയോഗിച്ച് 1000 ടണ്ണിലധികം പാറ ഉത്പന്നങ്ങൾ ഓരോ ദിവസവും നിർമ്മിക്കുന്നതായി പുറത്തേക്ക് പോകുന്ന ലോറികളുടെ കണക്കെടുത്ത് നാട്ടുകാർ വിശദമാക്കുന്നു. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 25 വർഷം മുമ്പ് നാട്ടുകാരുടെ മുൻകൈയിൽ നിർമ്മിച്ച കോതറ തടയണ ക്വാറി ഉടമ മണ്ണിട്ട് നികത്തിയതായും അതിന് മുകളിൽ റബ്ബർ മരങ്ങൾ വച്ചുപിടിപ്പിച്ചതായും അടുത്തിടെ നാട്ടുകാർ കണ്ടെത്തിയിട്ടുണ്ട്. രണ്ട് വലിയ മലകൾ ചേരുന്ന മലയിടുക്കിലാണ് തടയണ നിർമ്മിച്ചിരുന്നത്. അതിൽ ഒരു മല ഇടിച്ചുനിരത്തി.

തീരാദുരിതങ്ങൾ കാരണം നാട്ടുകാർ പലരും സ്ഥലം കുറഞ്ഞ വിലയ്ക്ക് വിറ്റിട്ട് മറ്റ് സ്ഥലങ്ങളിലേക്ക് മെച്ചപ്പെട്ടതും രോഗതുരമല്ലാത്തതുമായ ജീവിതം തേടിപ്പോകുന്ന കാഴ്ച ഇവിടെ ഇന്ന് പതിവാണ്. ക്വാറിയുള്ളതിനാൽ സ്ഥലത്തിന് ആവശ്യക്കാർ വളരെക്കുറവാണ്. ഒടുവിൽ നാട്ടുകാരുടെ സ്ഥലം കറങ്ങിത്തിരിഞ്ഞ് ക്വാറി ഉടമയുടെ പക്കൽതന്നെ എത്തിച്ചേരുന്ന കാഴ്ചയും പാണ്ടിപ്പറമ്പിൽ കാണാം. ബലപ്രയോഗത്താലുള്ള കുടിയൊഴിപ്പിക്കലായി തന്നെ പരിഗണിക്കേണ്ടപ്പെടേണ്ടതാണ് ഇത്. അങ്ങനെ പൊതുവഴിയും സ്വകാര്യഭൂമിയും വരെ കൈവശത്താക്കി തൃശൂർ സാൻഡ് ആന്റ് ഗ്രാവൽസ് വളർന്നുകൊണ്ടിരിക്കുകയാണ്. നിയമലംഘനങ്ങളെക്കുറിച്ചും അനാരോഗ്യത്തെക്കുറിച്ചും മറ്റ് നാശനഷ്ടങ്ങളെക്കുറിച്ചുമെല്ലാം ജനങ്ങൾ പത്ത് വർഷത്തിലേറെയാണ് പ്രതികരിച്ചുകൊണ്ടിരിക്കുകയാണ്. അധികൃതരിൽ നിന്നും അലസമായ മറുപടികളും ഒഴിഞ്ഞുമാറലുകളും മാത്രമാണ് എപ്പോഴുമുണ്ടാകാറുള്ളത്. പണമിറക്കി ഏത് കേസും വിജയിക്കാൻ ക്വാറിയുടമയ്ക്ക് കഴിയുന്നതായി കേസിന് പോയി തോറ്റ പലരും സാക്ഷ്യപ്പെടുത്തുന്നു. ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ, പഞ്ചായത്തുതലം മുതലുള്ള രാഷ്ട്രീയ കക്ഷികൾ പൊതുമുതൽ നശിപ്പിക്കുന്ന സ്വകാര്യ ക്വാറിയെ സംരക്ഷിക്കുകയാണ്. തീക്ഷ്ണമായ സമരങ്ങളാണ് ഇനി മുന്നിലുള്ള മാർഗ്ഗമെന്ന ഉറച്ച്, ഒറ്റശബ്ദത്തിലേക്ക് പാണ്ടിപ്പറമ്പുകാർ ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്നു. ജനകീയ സമരസമിതി രൂപീകരിക്കപ്പെടുകയും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും അടിയന്തിര നോട്ടീസ് നൽകിക്കൊണ്ട് സമരപരിപാടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമനഃസാക്ഷിയുടെയും കേരളത്തിലെമ്പാടും ക്വാറിക്കെതിരെ സമരം ചെയ്യുന്ന ജനങ്ങളുടെയും പിന്തുണയാണ് ഇപ്പോൾ ഇവർ ആവശ്യപ്പെടുന്നത്. ■

## ക്വാറി സമരം വ്യാപകം

ജലചൂഷണവും പൊടിശല്യവും രോഗങ്ങളും പരത്തുന്ന ക്വാറിക്കെതിരെ കവല്ലൂർ-തിപ്പിലശ്ശേരി-നാഗലശ്ശേരി പഞ്ചായത്തുകളിലെ ജനങ്ങളും സമരത്തിലേക്ക്. കടങ്ങോട് മയിലാടുംകുന്നിൽ പ്രവർത്തിക്കുന്ന ക്വാറി-ക്രഷർ യൂണിറ്റുകൾക്കെതിരെയാണ് സമരം. രണ്ട് വൻകിട ക്രഷർ യൂണിറ്റുകളാണ് മേഖലയിൽ പ്രവർത്തിക്കുന്നത്. അനുമതിയില്ലാതെ, മാനദണ്ഡങ്ങൾ പാലിക്കാതെ എഴുപതോളം ക്വാറികളും ഇവിടെ പ്രവർത്തിക്കുന്നതായി നാട്ടുകാർ പരാതിപ്പെടുന്നു.

## വീണ്ടും വായനയ്ക്ക്

യൂസഫലി കേരളത്തിൽ ഏതു മേഖലയിലായാലും മൂലധന നിക്ഷേപം നടത്തുമ്പോൾ അത് എല്ലാ അർത്ഥത്തിലും വിദേശ മൂലധനനിക്ഷേപം തന്നെയാണ്. ഇപ്പോൾ യൂസഫലി മൂലധന നിക്ഷേപം നടത്തിയിരിക്കുന്നത് ഏതെങ്കിലും തരത്തിൽ ഉല്പാദനപരമായ മേഖലയിലല്ല. മറിച്ച്, കേരള സർക്കാർ വിദേശമൂലധന നിക്ഷേപം ഔപചാരികമായി നിരോധിച്ചിരിക്കുന്ന ചില്ലറ വില്പന രംഗത്തു തന്നെയാണ്. മറുനാടൻ മലയാളിയുടെ ലേബൽ വിദഗ്ധമായി ഉപയോഗിച്ചുകൊണ്ടും ഭരണപ്രതിപക്ഷ നേതൃത്വത്തെ അപ്പാടെ തന്റെ പദ്ധതിയുടെ സ്പോൺസർമാരുമാക്കിക്കൊണ്ടുമാണ് അദ്ദേഹം ഇതു സാധിച്ചിരിക്കുന്നത്. ലുലുമാൾ സ്ഥിതി ചെയ്യുന്ന കളമശ്ശേരി മുനിസിപ്പാലിറ്റിക്ക് പ്രതിവർഷം എട്ടരകോടി രൂപ നികുതിയായി ലുലു നൽകുമ്പോൾ മുനിസിപ്പാലിറ്റിയുടെ പരിമിതമായ സേവനങ്ങൾ ലുലു കയ്യടക്കുക തികച്ചും സ്വാഭാവികമാണ്. ലുലു പ്രവർത്തനമാരംഭിച്ചതോടെ പരിസര പ്രദേശങ്ങളിലെ ജനങ്ങളും സ്ഥാപനങ്ങളും കടുത്ത കുടിവെള്ള ക്ഷാമത്തെ നേരിട്ടു തുടങ്ങിയെന്ന പരാതി ഉയർന്നു വന്നുകഴിഞ്ഞു. കേരള വൈദ്യുതി ബോർഡിന് പ്രതിവർഷം 20 കോടിയോളം രൂപ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ലുലു നൽകുമെന്നിരിക്കെ, കേരളത്തിലെ ഉല്പാദന മേഖലകൾക്കും ആശുപത്രികൾക്കു പോലും നിഷേധിക്കപ്പെടുന്ന വിദ്യുച്ഛക്തിയും അങ്ങോട്ടൊഴുകുമെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല.

*(കടപ്പാട്: സഖാവ് മാസിക, 2013 മെയ് ലക്കം)*